# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 98 | 28.06.2016-ൽ മറുപടിയ്ക്ക്

**അന്യസംസ്ഥാനത്തൊഴിലാളികൾക്ക് ബയോ മെട്രിക് തിരിച്ചറിയൽ കാർഡ് നല്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് ജോലിക്കായി വരുന്നവരിൽ ഒരു വിഭാഗം ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ കൊലപാതകം, മോഷണം , നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട് അന്യസംസ്ഥാനത്തൊഴിലാളികൾ പ്രതികളായ എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;<br>(സി) ഇതിൽ എത്രപേർ പിടിക്കപ്പെട്ടു; എത്ര പേർ പിടിക്കപ്പെടാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ഡി) ജിഷ വധക്കേസിന്റെ അടിസ്ഥാനത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വന്ന് താമസിക്കുന്നവരുടെ കൃത്യമായ വിവരങ്ങൾ സൂക്ഷിക്കുന്നതിന് ഓരോ പോലീസ് സ്റ്റേഷനിലും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;<br>(ഇ) അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ, അന്യസംസ്ഥാനത്തൊഴിലാളികളുടെ വിവരങ്ങൾ കൃത്യമായി ശേഖരിക്കുന്നതിനും, അവർക്ക് ബയോ മെട്രിക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും, അവരെ സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന കോൺട്രാക്ടർമാർക്കും അവരെ താമസിപ്പിക്കുന്ന കെട്ടിട ഉടമകൾക്കും ലൈസൻസ് ഏർപ്പെടുത്തുന്നതിനും, നിർദ്ദേശം കൃത്യമായി പാലിക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) & (ഇ) ഇതര സംസ്ഥാന തൊഴിലാളികളുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും ബയോഡാറ്റയും ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച് പ്രസ്തുത തൊഴിലാളികളെ ജോലിക്കായി കൊണ്ടുവരുന്ന ഏജന്റുമാരും തൊഴിലുടമകളും സ്വമേധയാ അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കേണ്ടതും ടി വിവരം പോലീസ് സ്റ്റേഷനുകളിൽ ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള ഒരു ഡാറ്റാ ബെയ്സ് (Data Base)ൽ ഉൾപ്പെടുത്തി സൂക്ഷിച്ചും വരുന്നുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിനും, ഉറപ്പു വരുത്തുന്നതിനും ഇത്തരം സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടി എന്നിവ നടപ്പിലാക്കി വരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി ജില്ലകളിൽ സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരുടെ സേവനവും പ്രയോജനപ്പെടുത്തി വരുന്നു. ബയോ മെട്രിക് തിരിച്ചറിയൽ കാർഡ് നൽകുന്നകാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായ കേസുകളുടെ വിവരങ്ങൾ | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | കൊലപാതകം | | | മോഷണം | | | നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപ്പന | | |
| വർഷം | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | പിടിക്കപ്പെട്ട പ്രതികളുടെ എണ്ണം | പിടിക്കപ്പെടാനുള്ള പ്രതികളുടെ എണ്ണം | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | പിടിക്കപ്പെട്ട പ്രതികളുടെ എണ്ണം | പിടിക്കപ്പെടാനുള്ള പ്രതികളുടെ എണ്ണം | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | പിടിക്കപ്പെട്ട പ്രതികളുടെ എണ്ണം | പിടിക്കപ്പെടാനുള്ള പ്രതികളുടെ എണ്ണം |
| 2014 | 19 | 25 | 0 | 121 | 191 | 13 | 138 | 169 | 0 |
| 2015 | 24 | 44 | 2 | 129 | 227 | 32 | 231 | 247 | 0 |
| 20/06/2016 വരെ | 9 | 10 | 1 | 42 | 54 | 4 | 89 | 99 | 1 |

സെക്ഷൻ ഓഫീസർ